**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2591** **17-03-2022 - ൽ മറുപടിയ്ക്ക്**

**കോമൺ ഫെസിലിറ്റി സർവീസ് സെന്റർ ആധുനികവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരിയിലും, ചങ്ങനാശ്ശേരിയിലുമുള്ള കോമൺ ഫെസിലിറ്റി സർവീസ് സെന്ററുകളെ കൂടുതൽ ആധുനികവൽക്കരിച്ച് സംരംഭകർക്ക് ഫലപ്രദമായ സേവനങ്ങൾ ലഭ്യമാക്കുന്ന പദ്ധതിക്ക് രൂപം നൽകുമോ? | (എ) | മഞ്ചേരിയിലും ചങ്ങനാശ്ശേരിയിലുമുള്ള പൊതു സൗകര്യ കേന്ദ്രങ്ങളെ ആധുനീകരിക്കുന്ന നടപടികൾക്കായി എല്ലാ വർഷവും കർമ്മപദ്ധതിയിൽ തുക വകയിരുത്തുന്നുണ്ട്. കൂടാതെ റബ്ബർ ഇന്റർമിക്സർ അടക്കമുള്ള മെഷിനറികൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും പരിഗണനയിലുണ്ട്. നൈപുണ്യ വികസനത്തിന്റെ ഭാഗമായി കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ മഞ്ചേരിയിലും ചങ്ങനാശ്ശേരിയിലും ASAP, ഉന്നത വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലെ സ്ഥാപനങ്ങളുമായി ചേർന്ന് പ്രായോഗിക പരിശീലനങ്ങൾ നടത്തിവരുന്നത് വിവിധ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുന്നുണ്ട്. "Bridging the Gap between Education system and Real life" എന്ന നിലയിലേയ്ക്കുള്ള പരിശീലന പരിപാടികൾ വർഷം മുഴുവൻ നടത്തുന്ന തരത്തിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഉയർത്തുന്നതിനുള്ള ഇടപെടൽ നടത്തുന്നതിനുള്ള പദ്ധതികൾ വകുപ്പിന്റെ പരിഗണനയിലുണ്ട്. ഫിനിഷിംഗ് സ്കൂൾ നിലവാരത്തിലേയ്ക്ക് കൂടി മഞ്ചേരി, ചങ്ങനാശ്ശേരി കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകളെ ആധുനീകരിക്കുന്നത് ആലോചനയിലുണ്ട്. കേരള സംസ്ഥാനത്തെ "KNOWLEDGE ECONOMY" ആക്കി മാറ്റാൻ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതിയുടെ ഭാഗമായി മഞ്ചേരി, ചങ്ങനാശ്ശേരി സി.എഫ്.എസ്.സി.കൾ മാറുന്ന തരത്തിലുള്ള ആധുനിക വൽക്കരണം വകുപ്പ് ആസൂത്രണം ചെയ്ത് വരുന്നു. തെക്കൻ കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ചങ്ങനാശ്ശേരിയിലും വടക്കൻ കേരളത്തിലെ മഞ്ചേരിയിലെയും പൊതു സൗകര്യ കേന്ദ്രങ്ങളെ ഉപയോഗപ്പെടുത്തി വിദ്യാർത്ഥികൾക്ക് പഠന കാലയളവിൽ Industrial Environment ലുള്ള |

| | | | |
|---|---|---|---|
| | | | പരിശീലനം നൽകുന്നതിന് ഇതിലൂടെ സാധിയ്ക്കും. ഇൻകുബേഷൻ സൗകര്യങ്ങൾ ഈ രണ്ട് സെന്ററിലും ഉള്ളതിനാൽ സെന്ററിന്റെ ഈ പ്രവർത്തനം വിദ്യാർത്ഥികൾക്ക് ആത്മവിശ്വാസം നൽകുന്നതിനും കൂടുതൽ സ്റ്റാർട്ടപ്പുകൾ ഉയർന്നുവരുന്നതിനും കാരണമാകും സംരംഭകർക്കായി സി.എൻ.സി. മെഷീൻ അടക്കമുള്ള ആധുനിക മെഷിനറികൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ